# Desabhimani
# 31 August 2018
# After Flood, CM’s Flood Relief Fund

## കുട്ടനാടിന് കെ ത്രി എ കൈത്താങ്ങ്

**തിരുവനന്തപുരം**

പ്രളയ ദുരന്തത്തിൽ അകപ്പെട്ട കുട്ടനാടിലെ ജനങ്ങൾക്ക് കേരള അഡ്വർടൈസിങ് ഏജൻസീസ് അസോസിയേഷന്റെ രണ്ടാംഘട്ട ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള കിടക്കകളുടെ വിതരണം സെപ്തംബർ അഞ്ചിന് നടത്താൻ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാനും കെ ത്രി എ തീരുമാനമെടുത്തു. സംസ്ഥാന പ്രസിഡന്റ് പി സുന്ദർകുമാർ യോഗത്തിൽ അധ്യക്ഷനായി.

## ഡെ. സ്പീക്കർ ഒരുമാസത്തെ ശമ്പളം നൽകി

**ചിറയിൻകീഴ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഡെപ്യൂട്ടി സ്പീക്കർ വി ശശിയുടെ ഒരുമാസത്തെ ശമ്പളം സംഭാവന നൽകി. ഡെപ്യൂട്ടി സ്പീക്കർ ഓഫീസിലെ എല്ലാ ജീവനക്കാരും ഒരുമാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയായി നൽകും.